മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) തൊഴിലില്ലായ്മ പരിഹരിക്കാൻ മാത്രമായി പ്രത്യേക കേന്ദ്ര സഹായം ലഭിക്കാറില്ല. എന്നാൽ തൊഴിൽരഹിതരെ തൊഴിലിൽ ഏർപ്പെടുത്തുന്നതിന് ഉള്ള വൈദഗ്ദ്ധ്യം നേടുന്നതിന് ഉതകുന്ന തരത്തിലുള്ള സഹായവും, ഗ്രാമീണ തൊഴിൽ പദ്ധതി കേരളത്തിന്റെ സ്ഥിതിക്കനുയോജ്യമായി പുനഃക്രമീകരിക്കുന്നതിനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ആസൂത്രണ കമ്മീഷനുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിയിട്ടില്ല. എന്നാൽ മുൻ ആസൂത്രണ കമ്മീഷനുമായി വാർഷിക പദ്ധതി ചർച്ചാ വേളയിൽ ഇക്കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

പാൻമസാല നിരോധിക്കാൻ നടപടി

*൧൯ [399] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളടങ്ങിയ പാൻമസാലയുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലഹരിയ്ക്കായി പാൻമസാലയിൽ ഗ്ളാസ്പൊടി ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാൻമസാലയുടെ ഉപയോഗം തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) യുവാക്കളും യുവതികളും സ്കൂൾ/കോളേജ് വിദ്യാർത്ഥികളുമടക്കം ഒരു വലിയ വിഭാഗം ജനങ്ങൾ പാൻമസാലയ്ക്ക് അടിമകളായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് വിദഗ്ദ്ധ ഡോക്ടർമാരുടെ അഭിപ്രായം വിശദമാക്കാമോ;

(എഫ്) കാൻസർപോലുള്ള ഗുരുതരവും മാരകവുമായ രോഗങ്ങൾക്ക് കാരണമാകുന്ന പാൻമസാല നിരോധിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ചുള്ള പത്രവാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പാൻമസാലയുടെ ഉല്പാദനം, സംഭരണം, വിതരണം, വില്പന എന്നിവ നിരോധിച്ചുകൊണ്ട് സംസ്ഥാന ഫുഡ് ഹെൽത്ത് അതോറിറ്റി കൂടിയായ ആരോഗ്യവകുപ്പ് ഡയറക്ടർ കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമപ്രകാരം രണ്ട് പ്രാവശ്യം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ടി ഉത്തരവുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിയമത്തിന്റെ അപര്യാപ്തത കാണിച്ച് അസാധുവാക്കി. അതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

'കേരള ഭക്ഷ്യമായം ചേർക്കൽ നിരോധന ചട്ടം' പരിഷ്ക്കരിക്കാനുള്ള നടപടികൾ സംസ്ഥാന സർക്കാർ എടുത്തിട്ടുണ്ട്. ടി ചട്ടം നിലവിൽവരുന്നപക്ഷം ആരോഗ്യത്തിന് ഹാനികരമായ ഭക്ഷ്യവസ്തുക്കൾ നിരോധിക്കുന്നതിനുള്ള അധികാരം സംസ്ഥാന ഫുഡ് ഹെൽത്ത് അതോറിറ്റിക്ക് ലഭ്യമാകും.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പാൻമസാലയുടെ ഉപയോഗം സ്കൂൾ/കോളേജ് വിദ്യാർത്ഥികളെയും യുവാക്കളെയും അതിന് അടിമകളാക്കും എന്നതുകൊണ്ട് ഇതു തുടർന്നും ഉപയോഗിക്കാനുള്ള പ്രവണത ഉണ്ടാക്കുന്നു. വളരെ ചുരുങ്ങിയ കാലയളവിലെ ഉപയോഗം കൊണ്ടുതന്നെ കാൻസറിന് മുന്നോടിയായുള്ള 'ലുക്കോ പ്ലാക്കിയ' എന്ന അവസ്ഥ ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ഇത് പിന്നീട് വായിലെ കാൻസറായി രൂപാന്തരപെടുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ എല്ലാതരത്തിലുള്ള പാൻമസാലകളും സംസ്ഥാനത്ത് നിരോധിക്കുന്നതിനുള്ള നിയമനിർമ്മാണം അനിവാര്യമാണ് എന്നാണ് വിദഗ്ദ്ധാഭിപ്രായം.

(എഫ്) കാൻസർ പോലുള്ള ഗുരുതരവും മാരകവുമായ രോഗങ്ങൾക്ക് കാരണമാകുന്ന പുകയില ചേർന്ന പാൻമസാലയുടെ ഉല്പാദനം, സംഭരണം, വിതരണം, വില്പന എന്നിവ നിരോധിച്ചുകൊണ്ട് സംസ്ഥാന ഫുഡ് ഹെൽത്ത് അതോറിറ്റി കൂടിയായ ആരോഗ്യവകുപ്പ് ഡയറക്ടർ 1954-ലെ കേന്ദ്ര ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമപ്രകാരം രണ്ടുപ്രാവശ്യം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ടി ഉത്തരവുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിയമത്തിന്റെ അപര്യാപ്തത കാണിച്ച് അസാധുവാക്കി. അതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി 'കേരള ഭക്ഷ്യമായം ചേർക്കൽ നിരോധന ചട്ടം' പരിഷ്ക്കരിക്കാൻ സർക്കാർ നടപടി എടുത്തിട്ടുണ്ട്. ടി ചട്ടം നിലവിൽവരുന്നപക്ഷം ആരോഗ്യത്തിന് ഹാനികരമായ ഭക്ഷ്യവസ്തുക്കൾ നിരോധിക്കുന്നതിനുള്ള അധികാരം സംസ്ഥാന ഫുഡ് ഹെൽത്ത് അതോറിറ്റിക്ക് ലഭ്യമാകും.

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ഭവന നിർമ്മാണ പദ്ധതി

*20 [400] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ദാരിദ്രരേഖയ്ക്ക് താഴെയുള്ള പിന്നോക്കക്കാർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഉണ്ട്. ഇന്ദിര ആവാസ് യോജന സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. ഇതനുസരിച്ച് മൊത്തം വിഹിതത്തിന്റെ 60% പട്ടിക ജാതി/വർഗ്ഗക്കാർക്കും 40% ഇതര വിഭാഗങ്ങൾക്കുമായി നീക്കിവെയ്ക്കുന്നുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly